# സ്വപ്നത്തിലെ പെൺകുട്ടി

ഡോ. വി. ശശി കുമാർ



സ്വപ്നത്തിലെ പെൺകുട്ടി

ഡോ. വി. ശശി കുമാർ

(മലയാളം: കഥ)

© 2021 Author

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Triangolo, a symbolic picture of accident by Keiichi Yasu. The image is taken from Wikimedia Commons and is gratefully acknowledged.

# സ്വപ്നത്തിലെ പെൺകുട്ടി

പടികടന്ന് ഉള്ളിലേക്ക് നടന്നപ്പോൾ തങ്കപ്പന് ഉറപ്പ തോന്നി ഇതുതന്നെയാണ് വീടെന്ന്. പഴയ രീതിയിലുള്ള ഒരു ചെറിയ വീട്, മുൻവശം മാത്രം കോൺക്രീറ്റ് ചെയ്തിരിക്കുന്നു എന്നു തോന്നും, ഇടതുവശത്തായി ഒരു ചെറിയ ഷെഡ് കാണാം കാർഷെഡ് എന്ന് പറയാനാവില്ല. അത്രയ്ക്ക് വീതിയില്ല ഒരു സ്കൂട്ടർ വയ്ക്കാനുള്ള സ്ഥലമേയുള്ളൂ. വീടിന് മുൻവശത്തെത്തിയപ്പോൾ മുൻവശത്തെ വരാന്തയിൽനിന്ന് അകത്തേക്ക് തുറക്കുന്ന ഒരു കതക് കണ്ടു. അത് തുറന്നു കിടക്കുകയായിരുന്നു. ബെല്ലടിച്ചതും അകത്തുനിന്ന് ഒരു കൊച്ചു പെൺകുട്ടി ഓടി വരുന്നത് കണ്ടു. ഒരു ഒന്നര വയസ്സു പ്രായം കാണും. "ദേ അങ്കിൾ വന്നു" എന്നു പറഞ്ഞുകൊണ്ടാണ് ആ കുട്ടി വരാന്തയിലേക്ക് വന്നത്. കണ്ടപ്പോഴേ താൻ ദിവസേന സ്വപ്നത്തിൽ കാണാറുള്ള കുട്ടിയെ തങ്കപ്പൻ തിരിച്ചറിഞ്ഞു. കയ്യിലിരുന്ന പൊതി കുട്ടിയുടെ നേർക്കു നീട്ടി

"അത് വാങ്ങരുത് മോളേ. അറിയാൻ വയ്യാത്ത

ആരെങ്കിലും എന്തെങ്കിലും കൊണ്ടെ തന്നാൽ വാങ്ങരുത്, കേട്ടോ." അകത്തുനിന്ന് ഒരു സ്ത്രീയുടെ ശബ്ദം കേട്ടു. നീട്ടിയ കൈ കുട്ടി പിൻവലിച്ചു.

പിന്നാലെ മദ്ധ്യവയസ്കയായ ഒരു സ്ത്രീ പുറത്തേക്ക് വരികയും ചെയ്തു. "നിങ്ങളാരാ? എന്താ വേണ്ടത്?" അവർ ചോദിച്ചു.

"ഞാൻ പറയാം." തങ്കപ്പൻ പറഞ്ഞുതുടങ്ങി, "ഞാൻ ഡ്രൈവർ തങ്കപ്പൻ. മാഡമെന്നെ അറിയില്ല. മാഡമല്ലേ ശാരദ മാഡം?"

"അതെ," അവർ പറഞ്ഞു.

"കുറച്ചുനാൾ മുമ്പ് നിങ്ങളൊരു അപകടത്തിൽ പെട്ടില്ലേ? ഒരു ബസ് നിങ്ങളുടെ സ്കൂട്ടറിൽ തട്ടിയപ്പോൾ? ഞാനതിന്റെ ഡ്രൈവറായിരുന്നു മാഡം. വണ്ടിയുടെ അടിയിൽനിന്ന് മാഡത്തിനെ പുറത്തെടുക്കുമ്പോഴാണ് ഞാൻ ബസ്സിൽനിന്ന് ഇറങ്ങി ഓടി രക്ഷപ്പെട്ടത്. ആ സാഹചര്യത്തിൽ ഓടി രക്ഷപ്പെടാനേ പറ്റുള്ളൂ, മാഡം അല്ലേൽ നാട്ടുകാരെല്ലാംകൂടി തല്ലിക്കൊല്ലും. ആ അപകടം സംഭവിച്ചതിൽ വലിയ ദുഃഖമുണ്ട് മാഡം, എനിക്കാദ്യമായിട്ടാണ് ഇങ്ങനെ ഒരപകടം ഉണ്ടാവുന്നത്. അതും പൂർണ്ണമായി എന്റെ തെറ്റല്ലായിരുന്നു മാഡം. മുമ്പിൽ കെടന്ന വണ്ടിയെ ഓവർടേക്ക് ചെയ്യാനായി തിരിച്ചപ്പഴാ സാറ് റോങ്ങ് സൈഡേ കേറി വന്നത്. ഞങ്ങടെ വണ്ടി പരക്കം പാച്ചിലാന്ന് എന്ന് എല്ലാവരും പരാതിപ്പെട്ടും. പക്ഷെ അങ്ങനെ പാഞ്ഞില്ലേൽ മൊതലാളിക്കു കൊടുക്കാനുള്ള കാശ് വൈകുന്നേരമാകുമ്പഴത്തേക്ക് ഒക്കത്തില്ല, മാഡം."

“അതിനിനി തങ്കപ്പനെന്നതാ വേണ്ടത്?” ശാരദ ചോദിച്ചു.

“ഒന്നും വേണ്ടിയിട്ടല്ല, മാഡം. ഈ മിഠായി പാക്കറ്റൊന്ന് വാങ്ങിയിട്ട് എന്നോട് പൊറുത്തു എന്നു പറയണം.” തങ്കപ്പൻ പറഞ്ഞു.

“അതിന് ഞാനെന്തിനാ പൊറുക്കുന്നെ? നിങ്ങള് ശ്രദ്ധിക്കാതെ ഓടിച്ചതുകൊണ്ടല്ലേ എന്റെ കൊച്ചിന്റെ അച്ഛൻ മരിച്ചു പോയതു?”

“പൊറുക്കണം, മാഡം. അങ്ങനെയല്ല, മാഡം. ഞാൻ വണ്ടി മുന്നോട്ടെടുക്കാൻ തുടങ്ങിയ സമയത്താണ് സാറ് ഇടതുവശത്തൂകൂടെ മുന്നിൽ വന്നു കയറിയത്. ഇടതുവശത്തൂടെ കേറിവന്നാൽ ഡ്രൈവർക്ക് കാണാനൊക്കത്തില്ല മാഡം. അതാണ് സംഭവിച്ചത്. ഞാൻ വണ്ടി മുമ്പോട്ടെടുത്തപ്പഴത്തേക്കും സാറ് എന്റെ വണ്ടീടെ നേരെ മുന്നിലെത്തി. എനിക്കൊന്നും ചെയ്യാൻ പറ്റാതായിപ്പോയി മാഡം. പിന്നെ സാറ് ഹെൽമെറ്റ് വച്ചിരുന്നെങ്കിൽ രക്ഷപ്പെട്ടേനെ. തലയടിച്ചു വീണതുകൊണ്ടല്ലേ രക്തം വാർന്നു മരിച്ചത്.” അയാൾ പറഞ്ഞൊപ്പിച്ചു.

“അതൊക്കെ സമ്മതിച്ചു. ചേട്ടനോട് ഞാനെത്ര പ്രാവശ്യം പറഞ്ഞതാ ഹെൽമെറ്റ് വച്ചോണ്ടേ ഓടിക്കാവൂന്നും സൂക്ഷിച്ച് ഓടിക്കണമെന്നും. ചേട്ടന് വല്ലതും പറ്റിയാൽ ഞങ്ങക്ക് ആരുമില്ലാതാകുമെന്നും ഒക്കെ ഞാനൊരുപാട് പറഞ്ഞുനോക്കിയതാ. ഇന്നത്തെ ട്രാഫിക്കിലും തെരക്കിലും എത്ര സൂക്ഷിച്ചോടിച്ചാലും അപകടം എപ്പഴാ ഉണ്ടാകാൻ പോകുന്നത് എന്ന് പറയാനാവില്ല. അപ്പഴാ അങ്ങേര് കൊച്ച് പയ്യന്മാരെപ്പോലെ വണ്ടികളുടെ ഇടയിൽക്കൂടെ വെട്ടിച്ച്

വെട്ടിച്ച് ഓടിക്കുന്നത്. എത്രപ്രാവശ്യം പറഞ്ഞുനോക്കി, ആരെക്കൊണ്ടെല്ലാം പറയിച്ചുനോക്കി ആര് കേക്കാനാ. അന്നുതന്നെ അങ്ങേരടെ പോക്കു കണ്ടപ്പം ഞാൻ പേടിച്ചു പോയി. ഞാൻ പറഞ്ഞതാ പതുക്കെ പോകാൻ. ദാ, എന്നാ പറയാനാ ഞങ്ങൾക്ക് വിധിച്ചിട്ടുള്ളത് ഇതായിരിക്കും." ഇത്രയും പറഞ്ഞപ്പോഴേക്ക് അവർ പൊട്ടിക്കരയാൻ തുടങ്ങി.

"അതൊക്കെ പോകട്ടെ, ഇതിന് ഞാൻ നിങ്ങളോടെന്തിനാ പൊറുക്കുന്നെ?" കുറച്ച് കഴിഞ്ഞു കരച്ചിൽ ശമിച്ചപ്പോൾ ശാരദ ചോദിച്ചു.

"അന്നത്തേതിനു ശേഷം എനിക്ക് ഉറങ്ങാൻ പറ്റിയിട്ടില്ല, മാഡം. ഉറക്കം പിടിക്കുമ്പോൾ ദാ നിങ്ങളുടെ രണ്ടുപേരുടെയും മുഖം എന്റെ കൺമുമ്പിൽ എത്തും. കൂട്ടത്തിൽ ദാ ഇതുപോലെതന്നെയുള്ള ഒരു കുഞ്ഞും" എന്തു ചെയ്യണമെന്നറിയാതെ പ്രായമായ രണ്ടു പേരുടെയും മുഖത്ത് മാറിമാറി നോക്കിക്കൊണ്ടുനിന്ന ആ കുഞ്ഞിനെ ചൂണ്ടിക്കൊണ്ട് തങ്കപ്പൻ പറഞ്ഞു, "എന്നിട്ട് ആ കുഞ്ഞ് ചോദിക്കും, എന്തിനാ എന്റെ അച്ഛനെ കൊന്നത് എന്ന്. എനിക്ക് പിന്നെ ഉറങ്ങാൻ കഴിയില്ല. എന്നു മാത്രമല്ല വണ്ടി ഓടിക്കുമ്പൊ ആകപ്പാടെ ഒരു വെപ്രാളമാ മാഡം." തങ്കപ്പൻ പറഞ്ഞു. "പൊറുത്തു എന്ന് മാഡം പറഞ്ഞാലേ എനിക്കിനി ഉറങ്ങാൻ കഴിയൂ. ഇതങ്ങോട്ട് മേടിച്ചോണ്ട് പൊറുത്തു എന്നൊന്ന് പറയൂ മാഡം. ഇല്ലെങ്കിൽ പൊറുത്തു എന്നു പറയാൻ ഞാനെന്ത് ചെയ്യണമെന്നു പറയൂ മാഡം." തങ്കപ്പൻ വിക്കി വിക്കിയാണെങ്കിലും പറഞ്ഞു തീർത്തു.

"എന്താണതിലുള്ളത്?" ശാരദ ചോദിച്ചു.

“കുറച്ച് മിഠായിയാണ്, മാഡം, കൂട്ടത്തിൽ കുറച്ച് പണവുമുണ്ട്” തങ്കപ്പൻ പറഞ്ഞു.

“എന്താ, എന്റെ ഭർത്താവിന്റെ ജീവനുള്ള വിലയാണോ?” ശാരദ ചോദിച്ചു.

“അയ്യോ, അങ്ങനെ വിചാരിക്കല്ലേ മാഡം, അപകടത്തിൽ വണ്ടിക്ക് പറ്റിയ കേട്ട് തീർക്കാനുള്ള ഒരു ചെറിയ തുക എന്നു മാത്രമെ ഞാൻ കരുതിയുള്ളൂ.” അയാൾ പറഞ്ഞു.

“ശരി, എന്നാൽ ഞാനായിട്ട് നിങ്ങടെ ഉറക്കം കെടുത്തുന്നില്ല. പൊയ്ക്കോളൂ, ഇവളിനി നിങ്ങടെ ഉറക്കത്തിൽ വരില്ല. ഞാൻ പൊറുത്തിരിക്കുന്നു. ആ പൊതി മേടിച്ചോ മോളേ.” ശാരദ പറഞ്ഞു.

പൊതി കുഞ്ഞിനെ ഏൽപ്പിച്ച്, “വലിയ ഉപകാരം, മാഡം” എന്നു പറഞ്ഞുകൊണ്ട് തങ്കപ്പൻ തിരിച്ചു നടന്നു.

⋆ ⋆ ⋆

## ഡോ. വി. ശശി കുമാർ



1953 ആഗസ്റ്റ് 10-ന് കോട്ടയത്ത് ജനിച്ചു. കോട്ടയം എം.ടി. സെമിനാരി ഹൈസ്കൂൾ, ചങ്ങനാശ്ശേരി എസ്.ബി. കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. കൊച്ചി സർവ്വകലാശാലയിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് ഫിസിക്കൽ എഞ്ചിനീയറിങ്ങിൽ എം.ടെക്. പിന്നീട് കൊച്ചി സർവ്വകലാശാലയിൽ നിന്ന് ഭൗതികശാസ്ത്രത്തിൽ പി.എച്ച്.ഡി. – വിഷയം അന്തരീക്ഷവൈദ്യുതി (Atmospheric Electricity). 1979 മുതൽ 2007 വരെ തിരുവനന്തപുരത്ത് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ അന്തരീക്ഷശാസ്ത്ര വിഭാഗത്തിൽ പ്രവൃത്തിയെടുത്തു. അന്തരീക്ഷവൈദ്യുതി, മഴയുടെ ഭൗതികശാസ്ത്രം എന്നീ വിഷയങ്ങളിലാണ് ഗവേഷണം നടത്തിയത്. ഏതാണ്ട് 2003 മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. രണ്ടു മക്കൾ, അക്ഷയ്, അയിഷ. ഇപ്പോൾ സ്വന്തമായി ഗവേഷണവും ശാസ്ത്രസാഹിത്യവും നടത്തുന്നു.

## കൃതികൾ

ഒരസാധാരണ യാത്ര